## നിയമവിരുദ്ധ പണിമുടക്ക് നടത്തിയ തൊഴിലാളികൾക്ക് വേതനം നല്കിയില്ലെന്ന കാരണത്താൽ തൊഴിലുടമക്കെതിരെ പ്രോസിക്യൂഷന് അനുമതി നല്കിയത് റദ്ദാക്കി

### കർണാടക ഹൈക്കോടതി

W.P. No. 34223/2017 Dt. 5.12.2017

തമുറ എൽക്കമ്പോണിക്സ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്

x

കമ്മീഷണർ ഓഫ് ലേബർ

കമ്പനിയുടെ ഫാക്ടറിയിൽ ട്രാൻസ്ഫോർമറുകളാണ് നിർമ്മിക്കുന്നത്. അവിടെ 88 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. 2011-ൽ തൊഴിലാളി യൂണിയനും മേനേജ്മെന്റും തമ്മിൽ ഒത്തുതീർപ്പ് കരാറുണ്ടാക്കി. ഫാക്ടറിയിലെ ഉൽപാദനം 20% വർദ്ധിപ്പിക്കുന്നതിന് ഉത്സാഹിക്കുമെന്നും ഫാക്ടറിയിലെ യന്ത്രങ്ങളും ഉപകരണങ്ങളും തൊഴിൽ സ്ഥലവും വൃത്തിയായി സൂക്ഷിക്കുമെന്നും മറ്റുമാണ് ഒത്തുതീർപ്പുകരാറിൽ തൊഴിലാളി യൂണിയൻ സമ്മതിച്ചത്. കരാർ ഒപ്പിട്ട് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ തൊഴിലാളി യൂണിയൻ പണിമുടക്ക് പ്രഖ്യാപിച്ചു. പണിമുടക്ക് നിയമവിരുദ്ധമാണെന്നു കണ്ട് സിവിൽ കോടതി നിരോധിച്ചപ്പോൾ യൂണിയൻ പണിമുടക്ക് പിൻവലിച്ചു. ആ പണിമുടക്ക് 59 ദിവസം നീണ്ടുനിന്നു. പണിമുടക്ക് കാലത്ത് തൊഴിലാളിക്ക് വേതനം നല്കിയിരുന്നില്ല. ഒരു വർഷം കഴിഞ്ഞപ്പോൾ യൂണിയൻ വീണ്ടും പണിമുടക്കി. അത് 52 ദിവസം നീണ്ടുനിന്നു. ഇത്തവണയും മേനേജ്മെന്റ് പണിമുടക്കിയവർക്ക് വേതനം നല്കിയില്ല. ഇതു സംബന്ധിച്ച് യൂണിയൻ ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. പണിമുടക്ക് നിയമവിരുദ്ധമായതിനാൽ അക്കാലയളവിൽ വേതനം ലഭിക്കാൻ തൊഴിലാളികൾക്ക് അവകാശമില്ലെന്നു വിധിച്ച ലേബർ കോടതി യൂണിയന്റെ അവകാശവാദം തള്ളിക്കളഞ്ഞു. തുടർന്ന്, ഒത്തുതീർപ്പ് കരാറിലെ വ്യവസ്ഥകൾ ലംഘിച്ചതിനാൽ മേനേജ്മെന്റിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് അനുവാദം നല്കണമെന്നാവശ്യപ്പെട്ട് യൂണിയൻ ലേബർ കമ്മീഷണർക്ക് അപേക്ഷ നല്കി. യൂണിയന്റെ അപേക്ഷ അനുവദിച്ച ലേബർ കമ്മീഷണർ മേനേജ്മെന്റിനെതിരെ പ്രോസിക്യൂഷന് അനുമതി നല്കി. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തൊഴിലാളികളുടെ നിയമവിരുദ്ധ സമരം മൂലം ഫാക്ടറിക്ക് 25 കോടി രൂപയുടെ നഷ്ടമുണ്ടായെന്നും നഷ്ടം വരുത്തിയതിന് കാരണക്കാരായവർക്ക് സമര കാലത്തെ വേതനം നല്കാൻ തങ്ങൾക്ക് ബാധ്യതയില്ലെന്നും മേനേജ്മെന്റ് വാദിച്ചു. ലേബർ കമ്മീഷണറുടെ ഉത്തരവ് ഏകപക്ഷീയവും വസ്തുതകൾ ശരിയായ വിധം പരിശോധിക്കാതെയുമുള്ളതാണെന്ന് വിലയിരുത്തിയ ഹൈക്കോടതി നിയമവിരുദ്ധ പണിമുടക്ക് കാലത്ത് തൊഴിലാളികൾക്ക് വേതനം നല്കാതിരുന്നത് കരാർ ലംഘനമല്ലെന്ന് പ്രഖ്യാപിക്കുകയും ലേബർ കമ്മീഷണറുടെ ഉത്തരവ് റദ്ദാക്കുകയും ചെയ്തു.